ധനകാര്യ സെക്രട്ടറിമാർ, ആസൂത്രണ കമ്മീഷനിൽ നിന്നും ധനമന്ത്രാലയത്തിൽ നിന്നുമുള്ള മറ്റ് പ്രതിനിധികൾ എന്നിവർ അംഗങ്ങളായും ഒരു ഔദ്യോഗിക കമ്മിറ്റി രൂപീകരിക്കുമെന്ന് കേന്ദ്രം അറിയിച്ചിരുന്നു. ഇതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ പ്രസ്തുത കമ്മിറ്റി പരിഗണിക്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൻമേലുള്ള മേൽ നടപടികളെക്കുറിച്ചുള്ള വിശദാംശങ്ങൾ ആസൂത്രണ കമ്മീഷനിൽ നിന്നും ലഭിച്ചിട്ടില്ല.

19 (*19) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച്

ശ്രീ. എ.വി. അബ്ദു റഹിമാൻ ഹാജി :

ശ്രീ. ഇ.റ്റി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യം സർക്കാർ അംഗീകരിക്കുന്നുണ്ടോ;

(സി) ഇതു സംബന്ധിച്ച് എന്തു തീരുമാനം എടുത്തു എന്ന് വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് അനുവദിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്.

(ബി),(സി)&(ഡി) ജസ്വന്ത് സിംഗ് കമ്മീഷൻ റിപ്പോർട്ടിലെ വ്യവസ്ഥകളും, സംസ്ഥാന പുനഃസംഘടനാ നിയമത്തിലെ വ്യവസ്ഥകളും പാലിച്ചുകൊണ്ടു മാത്രമെ സംസ്ഥാന സർക്കാരിനും കേന്ദ്ര സർക്കാരിനും ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവൂ.ഒ.പി.20096/97 ആയി തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് കോടതി തള്ളുകയാണുണ്ടായത്.

20 (*20) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം

ശ്രീ. പിരപ്പൻകോട് മുരളി :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത വിമാനത്താവളത്തിന്റെ പണി പൂർത്തീകരിക്കാനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;

(സി) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിമാനത്താവള വികസനത്തിനായി എത്ര ഏക്കർ സ്ഥലം അക്വയർ ചെയ്തിട്ടുണ്ട്; ഇനി എത്ര ഏക്കർ സ്ഥലം അക്വയർ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) കാലതാമസം ഒഴിവാക്കി വിമാനത്താവളത്തിന്റെ പണി പൂർത്തീകരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിച്ചതിനു ശേഷം നിരവധി വികസന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ടാക്സി ട്രാക്ക് നീട്ടുക, പ്രധാന റൺവേയുടെ നീളം വർദ്ധിപ്പിക്കുക, ഇന്റർനാഷണൽ ടെർമിനൽ എയർ കണ്ടീഷൻ ചെയ്യുക, പാർക്കിംഗ് സ്റ്റാന്റുകൾ കൂടി അധികമായി നിർമ്മിക്കുക, റൺവേയിലെ വൈദ്യുത സംവിധാനം വർദ്ധിപ്പിക്കുക, എയർസ്പെയ്സ് സർവയിലൻസ് റഡാർ സ്ഥാപിക്കുക തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിമാനത്താവള വികസനം ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്ന ഒരു സംവിധാനമാണ്. അതുകൊണ്ട് ഒന്നൊന്നായി പദ്ധതികൾ നടന്നുകൊണ്ടിരിക്കുന്നു. പ്രധാനപ്പെട്ടവയെല്ലാം നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്.

(സി) കേന്ദ്ര വ്യോമഗതാഗത വകുപ്പുമായി നിരവധി ചർച്ചകളും നിവേദനങ്ങളും നടത്തുകയുണ്ടായി. വിമാനത്താവളത്തിന്റെ വികസനത്തിനാവശ്യമായ സ്ഥലമെടുപ്പ് ഘട്ടം ഘട്ടമായി നടത്തിവരുന്നു.

(ഡി) 1.4.91-ന് ശേഷം ആകെ 26.78 ഏക്കർ സ്ഥലം അക്വയർ ചെയ്തിട്ടുണ്ട്. ഭാവി വികസനത്തിന് എന്തു മാത്രം സ്ഥലം വേണ്ടി വരുമെന്ന കാര്യം തീരുമാനിക്കേണ്ടത് കേന്ദ്ര വ്യോമയാന വകുപ്പ് രൂപീകരിച്ചിട്ടുള്ള ഒരു കമ്മിറ്റിയാണ്.

(ഇ) പ്രധാനപ്പെട്ട എല്ലാ വികസന പ്രവർത്തനങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. ഒരു അന്താരാഷ്ട്ര വിമാനത്താവളത്തിന് വേണ്ടുന്ന എല്ലാ സൗകര്യങ്ങളും ഇന്ന് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

21 (*21) പഞ്ഞ മാസങ്ങളിൽ ഭക്ഷ്യസാധനങ്ങളുടെ വില നിയന്ത്രണം

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ഞ മാസങ്ങളിൽ വിലനിലവാരം പിടിച്ചു നിർത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) റേഷൻ കടകൾ വഴി കൂടുതൽ അരിയും ഗോതമ്പും വിതരണം ചെയ്യുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) അവശ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നിത്യോപയോഗ സാധനങ്ങൾ കൂടുതലായി ന്യായവില ഷോപ്പുകൾ വഴി വിതരണം ചെയ്യുന്നതിന് നടപടി കൈക്കൊള്ളുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

LIBRARY ARCHIVES Kerala Legislative Assembly